| 14-04-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**"മധുരമായ കുട്ടികളെ, മമ്മ-ബാബയ്ക്കു സമാനം സേവനം ചെയ്യുന്നതിനു ബുദ്ധിയെ സതോപ്രധാനമാക്കൂ. സതോപ്രധാനബുദ്ധിയുള്ളവർക്കേ ധാരണ ചെയ്ത് മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കാൻ സാധിക്കൂ."**

**ചോദ്യം** : ഇപ്പോൾ നിങ്ങൾ കുട്ടികൾ ചെയ്തുകൊണ്ടിരിക്കുന്ന ഉയർന്നതിലും ഉയർന്ന പുരുഷാർത്ഥം എന്താണ്?

**ഉത്തരം**: മാതാപിതാവിന്റെ സിംഹാസനത്തെ ജയിക്കുക, ഇതാണ് ഉയർന്നതിലും ഉയർന്ന പുരുഷാർത്ഥം. മമ്മ ബാബ വന്ന് നിങ്ങളുടെ അവകാശികളാകണം, ഇങ്ങനെ നമ്പർവണ്ണാകുവാനുള്ള ലക്ഷ്യം വെയ്ക്കൂ. ഇതിനുവേണ്ടി വളരെ ഉയർന്ന സേവനം ചെയ്യണം. വളരെപ്പേരെ തനിക്ക് സമാനമാക്കണം. ദുഃഖിതരായ മനുഷ്യരെ സുഖികളാക്കണം. അവിനാശി ജ്ഞാനരത്നങ്ങളെ ബുദ്ധിയാകുന്ന പാത്രത്തിൽ ധാരണ ചെയ്ത് മറ്റുള്ളവർക്ക് ദാനം നല്കണം.

**ഗീതം**: ഭോലാനാഥനെപ്പോലെ വിചിത്രനായി......

**ഓം ശാന്തി**. ഇപ്പോൾ കുട്ടികൾ തിരിച്ചറിഞ്ഞു അതായത് ഞങ്ങളെ അച്ഛൻ അഥവാ മാതാ-പിതാവാണ് പഠിപ്പിക്കുന്നത്. കുട്ടികൾ ഈ സന്തോഷത്തിലിരിക്കണം. ഇപ്പോൾ ഞങ്ങൾ പരിധിയില്ലാത്ത അച്ഛന്റേതായിരിക്കുകയാണ്. ബാബാ ഇപ്പോൾ ഞങ്ങൾ അങ്ങയുടേതാണ് - ഇങ്ങനെ കുട്ടികൾ പ്രതിജ്ഞ ചെയ്യുന്നു. ഞങ്ങൾ ഈശ്വരന്റേതാണ്, ഇപ്പോൾ അസുരന്മാരുടെ സംബന്ധത്തിലല്ല. ഞങ്ങൾ ആസുരീയ മതമനുസരിച്ചല്ല നടക്കുന്നത്. ആസുരീയ മതമെന്ന് എന്തിനെയാണ് പറയുന്നത്? ശ്രീമത്തനുസരിച്ച് നടക്കാതെ ആസുരീയ കർമ്മം ചെയ്യുന്നവരാണ് അവർ. ഒന്ന് ഈശ്വരീയ കർമ്മം, മറ്റൊന്ന് ആസുരീയ കർമ്മം. ആദി സനാതന ദേവീ ദേവതാ ധർമ്മം എപ്പോൾ ആര് സ്ഥാപിച്ചു ഇക്കാര്യം ആർക്കും തന്നെ അറിയില്ല. മറ്റ് എല്ലാ ധർമ്മത്തിലുള്ളവർക്കും തങ്ങളുടേതായ ധർമ്മത്തെക്കുറിച്ച് അറിവുണ്ട്. സന്യാസിമാർ പറയും, ഞങ്ങളുടെ ധർമ്മം ശങ്കരാചാര്യരാണ് സ്ഥാപിച്ചത്. ദേവീ ദേവതാ ധർമ്മം ഇപ്പോഴില്ല. പിന്നെ ആര് പറയാനാണ്? ലക്ഷ്മീ നാരായണൻ തുടങ്ങിയവരെക്കുറിച്ച് ആർക്കും തന്നെ അറിയില്ല. അച്ഛനെ തന്നെ അറിയാതായപ്പോൾ മുഖം തിരിക്കപ്പെട്ടവരായി. ഇതും ഡ്രാമയിൽ വിധിക്കപ്പെട്ടതാണ്. പരിധിയില്ലാത്ത അച്ഛൻ വന്നിട്ട് നമ്മൾ കുട്ടികളെ വീണ്ടും രാജയോഗം സത്യയുഗത്തിലേക്കുവേണ്ടി പഠിപ്പിക്കുന്നു എന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം. നിങ്ങൾ വൈകുണ്ഠത്തിന്റെ അധികാരികളാകണം. കൃഷ്ണപുരിയിലേക്ക് പോകണം. ഇത് കംസപുരിയാണ്. കംസനും കൃഷ്ണനും ഒരുമിച്ചുണ്ടായിരിക്കുകയില്ല.

ഞങ്ങളെ ഇപ്പോൾ പരംപിതാപരമാത്മാവ് സഹജരാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന് ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അഭിമാനം ഉണ്ടാകണം. ബാബ പറയുന്നു, ഞാൻ പരംധാമത്തിൽ നിന്നും വന്നിരിക്കുകയാണ് - പഴയ ഈ രാവണന്റ ലോകത്തിലേക്ക് , പഴയ ശരീരത്തിൽ. മനുഷ്യർ പിതൃക്കളെ കഴിപ്പിക്കുമ്പോൾ ആ ആത്മാവ് പഴയ ശരീരത്തിലേക്ക് വരുന്നു. അവരെക്കുറിച്ച് പഴയ ലോകത്തിൽ വന്നു എന്നുപറയില്ല. പഴയ ശരീരത്തിൽ വരുന്നു പിന്നെ അവരെ കഴിപ്പിക്കുന്നു, കുടിപ്പിക്കുന്നു. ഈ ആചാര-രീതികൾ ഭാരതത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ഇത് ഭാവനയാണ്. പറയുന്നു- എന്റെ പതിയുടെ ആത്മാവ് ഈ ബ്രാഹ്മണനിൽ വന്നിരിക്കുന്നു. അവർ അങ്ങനെ ഭാവന വെയ്ക്കുന്നു. പതിയുടെ നാമരൂപത്തെ ഓർമ്മിക്കുന്നു. ആത്മാവ് തന്നെയാണ് വന്നിട്ട് സ്വീകരിക്കുന്നത്. ഇതൊക്കെ ഇവിടുത്തെ ആചാര- രീതികളാണ്. സത്യയുഗത്തിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാകില്ല. വ്യർത്ഥമായി ചിലവഴിക്കുക, അലയുക ഇതൊക്കെ ഭക്തിമാർഗ്ഗത്തിന്റെ ആചാരങ്ങളാണ്. ഭാവന വെയ്ക്കുന്നതിലൂടെ അല്പകാല സുഖവും ബാബയിൽ നിന്നാണ് ലഭിക്കുന്നത്. ബാബ ഒരിക്കലും ദുഃഖം നല്കുന്നില്ല. മനുഷ്യർ അറിയാത്ത കാരണം പറയുന്നു, പരമാത്മാവാണ് സുഖവും ദുഖവും നല്കുന്നത്. ബാബ മനസ്സിലാക്കിത്തരുന്നു, കുട്ടികളെ ഈ കളി ഉണ്ടാക്കപ്പെട്ടതാണ്, ആരൊക്കെയാണോ ദേവീ ദേവതാ ധർമ്മത്തിലുള്ളവർ അവർ വന്നിട്ട് ബ്രാഹ്മണരാകും. അറിയുവാൻ സാധിക്കും ഇവർ നമ്മുടെ കുലത്തിലേതാണ്. ഇവർ വളരെ ഭക്തി ചെയ്തിട്ടുണ്ട്. ചിലർ വളരെ നന്നായി പഠിച്ചാൽ പദവി നല്ലത് ലഭിക്കുന്നതുപോലെ. ഇവർ വളരെ ഭക്തി ചെയ്തിട്ടുണ്ട്, ബാബ വന്നിട്ട് പറയുന്നു, ഞാൻ ഇപ്പോൾ ഇവരുടെ ഭക്തിയുടെ ഫലം നല്കാൻ വന്നിരിക്കുന്നു. ഭക്തി ദു:ഖമല്ലേ. എത്ര അലയേണ്ടി വരുന്നു. ഇപ്പോൾ ഞാൻ നിങ്ങളെ എല്ലാ ദു:ഖത്തിൽനിന്നും അകറ്റുന്നു. എന്നാൽ ശ്രീമത്തനുസരിച്ച് നടക്കുകയാണെങ്കിൽ. ബാബ ഒരിക്കലും തലതിരിഞ്ഞ മതം നല്കില്ല. സന്മുഖത്ത് വന്ന് ശ്രീമത്ത് നല്കുന്നു. മറ്റുള്ളവരുടെ ബുദ്ധിയിൽ ഇരുന്ന് മതം നല്കുന്ന എന്തോ ഒരു വസ്തുവാണ്

രാവണൻ എന്ന് പറയില്ല. ഇതെല്ലാം ഡ്രാമയിൽ എഴുതപ്പെട്ടിട്ടുള്ളതാണ്. മനുഷ്യർ പൂർണ്ണമായും പതീതമായിരിക്കുകയാണ് കാരണം മായയാണ്. നിങ്ങൾക്കറിയാം നിങ്ങൾ ദേവതകളാകും. പിന്നെ അരകല്പത്തിനുശേഷം പതീതമാകാൻ തുടങ്ങും ഈ ബാബയും അനുഭവിയായ വൃദ്ധനായിരുന്നു. സാധു സന്യാസികൾ സർവ്വരേയും കണ്ടിട്ടുണ്ട്. ശാസ്ത്രങ്ങളൊക്കെ പഠിച്ചിട്ടുണ്ട്. ബാബ തീർച്ചയായും അനുഭവി രഥത്തിലായിരിക്കും വരുന്നത്. ഭഗവാൻ ഈ ഒരേയൊരു രഥത്തെ എന്തുകൊണ്ട് സ്വീകരിച്ചു എന്നതിന് തീർച്ചയായും ഒരു ചരിത്രം കാണും. ഭാഗീരഥൻ അതായത് ഭാഗ്യശാലിരഥം എന്ന് പാടപ്പെട്ടിരിക്കുന്നു. പറയുന്നു– ഭാഗീരഥനിലൂടെ ഗംഗ വന്നു. ഇപ്പോൾ അങ്ങനെ വെള്ളത്തിന്റെ ഗംഗയ്ക്കുവരാൻ സാധിക്കില്ല. പണ്ട് നമ്മളും മനസ്സിലാക്കിയിരുന്നില്ല. ഭാഗ്യശാലി രഥം ഈ ബ്രഹ്മാവിന്റേതല്ലേ, അതിൽ പരംപിതാ പരമാത്മാവ് വരുന്നു. മനുഷ്യർ സംശയിക്കുന്നു–ഈ ബ്രഹ്മാവിൽ എങ്ങനെ വരും? നിങ്ങൾ ഈ മനുഷ്യനെയാണോ ബ്രഹ്മാവ് എന്നു പറയുന്നത്? ബ്രഹ്മാവ് ഭഗവാനാണ്, സൂക്ഷ്മവതനത്തിൽ വസിക്കുന്നവനാണ്, നിങ്ങൾ പിന്നെ മനുഷ്യനെ ബ്രഹ്മാവാക്കിവെച്ചിരിക്കുന്നു, ഇങ്ങനെയൊക്കെ പറയും. ഇത് ഇവരുടെ കല്പനയാണ്, ബ്രഹ്മാ– വിഷ്ണു– ശങ്കരൻ ഇവിടെ എവിടെനിന്നു വരാനാണ്! ഹേയ്, പ്രജാപിതാ ബ്രഹ്മാവിന്റെ മുഖത്തിലൂടെ ബ്രാഹ്മണർ ജനിച്ചു എങ്കിൽ ഇവിടെ ആയിരിക്കില്ലേ. എന്തൊക്കെയാണോ സംഭവിച്ചത് അതെല്ലാം വീണ്ടും സംഭവിക്കും. മുസ്ലീം എങ്ങനെയാണ് വന്നത്. എന്തൊക്കെ സംഭവിച്ചു അവയെല്ലാം വീണ്ടും സംഭവിക്കുന്നു. നിങ്ങൾ ഡ്രാമയുടെ രഹസ്യത്തെ മനസ്സിലാക്കിയിരിക്കുന്നു മറ്റാർക്കും അറിയില്ല. ഡ്രാമയുടെ ആയുസ്സ് ലക്ഷക്കണക്കിന് വർഷമാണെന്ന് അവർ പറയുന്നു. പിന്നെ പറയുന്നു പ്രളയവുമുണ്ടാകും. കൃഷ്ണൻ അഥവാ വരികയാണെങ്കിൽ സത്യയുഗത്തിലല്ലേ വരൂ. കൃഷ്ണനെ പിന്നെ ദ്വാപരയുഗത്തിൽ എന്തുകൊണ്ട് കൊണ്ടുവന്നു? പ്രളയം ഒരിക്കലും ഉണ്ടാവുകയില്ല. പാടുന്നു, ഹേ പതീതപാവനാ വരൂ. എങ്കിൽ തീർച്ചയായും പതീതലോകത്തിൽ വന്ന് പതീതരെ പാവനമാക്കില്ലേ. ബാബ പറയുന്നു ഞാൻ ഒരേയൊരു പ്രാവശ്യമാണ് വരുന്നത് – പതീതരെ പാവനമാക്കുവാൻ . ജ്ഞാനസാഗരനായ എനിക്കേ സൃഷ്ടിയുടെ ആദി–മദ്ധ്യ–അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിതരാൻ സാധിക്കൂ. പഴയ ലോകത്തെ എങ്ങനെയാണ് പുതിയതാക്കുന്നത്– അത് കുട്ടികൾക്കിരുന്ന് മനസ്സിലാക്കി തരുന്നു. ആ പരിധിയുള്ള വീടിന്റെ കാര്യം ഉള്ളതുപോലെ, ഇത് പരിധിയില്ലാത്ത വീടാണ്. ബാബയ്ക്ക് സ്നേഹമില്ലേ. അതുകൊണ്ടാണ് ഭക്തിമാർഗ്ഗത്തിലും ഇത്രയും സഹായിക്കുന്നത്. മനുഷ്യർക്ക് ചെയ്യാൻ സാധിക്കില്ല. ഈശ്വരൻ സുഖത്തിന്റെ ജന്മം നല്കി എന്നു പറയുന്നു. ആരുടെയെങ്കിലും പക്കൽ വളരെ ധനമുണ്ടെങ്കിൽ പറയുന്നു, ഈശ്വരൻ നല്കിയതാണ്. ശരി. പിന്നെ എടുക്കുകയാണെങ്കിൽ എന്തുകൊണ്ടാണ് ദുഃഖിക്കുന്നത് ? ഇപ്പോൾ ബാബ പറയുന്നു, ഒരേയൊരു ബാബയുടേതല്ലാതെ മറ്റാരുടെയും കാര്യങ്ങൾ കേൾക്കാതിരിക്കൂ. അച്ഛൻ, ടീച്ചർ, ഗുരു എന്നീ മൂന്നു രൂപത്തിലും പാർട്ടഭിനയിച്ചു കാണിക്കുന്നു. സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്. അന്ധന്മാരുടെ ഊന്നുവടി ഒരേയൊരു പ്രഭു.....പതീതരെ പാവനമാക്കുന്ന ഒരേയൊരു പ്രഭു... ബാബ പറയുന്നു, ഞാൻ സാധുക്കളേയും ഉദ്ധരിക്കാൻ വേണ്ടി വരുന്നു.

നിങ്ങളെല്ലാവരും ബ്രഹ്മകുമാർ കുമാരിമാരാണ്. സത്യയുഗത്തിൽ പവിത്ര പ്രവർത്തിമാർഗ്ഗമായിരുന്നു. ഇപ്പോൾ അപവിത്ര പ്രവർത്തിമാർഗ്ഗമായിരിക്കുന്നു. ഇതിനെ വികാരി പ്രവർത്തിമാർഗ്ഗമെന്ന് പറയുന്നു. മനുഷ്യർ മഹാ ദു:ഖത്തിലാണ്. അതിനെക്കുറിച്ച് പറയുകയേ വേണ്ട! രക്ഷിക്കണേ രക്ഷിക്കണേ എന്നു വിളിക്കുന്നു, വേദനിച്ച് കരയുന്നു. അനേക ധർമ്മങ്ങളാണ്. സത്യയുഗത്തിൽ ഒരേയൊരു ധർമ്മമായിരുന്നു. അതും ഒരേയൊരു ബാബയാണ് സ്ഥാപിക്കുന്നത്. ഗീതയിൽ കൃഷ്ണഭഗവാനു വാച എന്ന് എഴുതിയിരിക്കുന്നു. ഇതാണ് ഏറ്റവും വലിയ തെറ്റ്. പരമപിതാ പരമാത്മാവ് നിരാകാരിയാണ്, ബാബയുടെ പേര് ശിവൻ എന്നാണ്. ആത്മാവിന്റെ പേര് അതുതന്നെയാണ്. മറ്റൊന്ന് വെയ്ക്കാറില്ല. ശരീരത്തിന്റെ പേരുകൾ മാറുന്നു. ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുമ്പോൾ പേര് മാറിപ്പോകുന്നു. ബാബയുടെ പേര് ഒരേയൊരു ശിവബാബ, അത്രേയുള്ളു. ബാബയ്ക്ക് ശരീരത്തിന്റെ പേര് ലഭിക്കാറില്ല. ആത്മാവ് 84 ജന്മങ്ങൾ അനുഭവിക്കുമ്പോൾ അതിന് ശരീരത്തിന് പല പേരുകൾ ലഭിക്കുന്നു. ബാബ പറയുന്നു എനിക്ക് ഒരേയൊരു പേരാണ്. ശരിയാണ്. ഞാൻ ഈ ബ്രഹ്മാവിൽ പ്രവേശിക്കുന്നു. എന്നാൽ ശരീരത്തിന്റെ അധികാരി ഈ മുത്തച്ഛന്റെ ആത്മാവാണ്, ഈ ബ്രഹ്മാവിൽ പ്രവേശിച്ച് പ്രജകളെ രചിക്കുന്നു. തീർച്ചയായും പ്രജാ പിതാവ് ഇവിടുണ്ടായിരിക്കുകയില്ലേ. മനുഷ്യർക്ക് ഈ കാര്യങ്ങളെക്കുറിച്ച് അറിയില്ല. ഈ ഒരേയൊരു കോളേജാണ്, എല്ലാവരും പഠിക്കുന്നു. മുരളി എല്ലാ ഭാഗത്തേക്കും പോകുന്നു. പിന്നെ ചിലരുടെ ബുദ്ധി തമോപ്രധാനമാണ്. ചിലരുടേത് സതോ ആണ്, ചിലരുടേത് രജോ ആണ്, ചിലരുടെത് തമോ..... ഒട്ടും തന്നെ ധാരണയുണ്ടാവുന്നില്ല. അതുകൊണ്ട് അവരുടെ കർമ്മവും അങ്ങനെയുള്ളതായിരിക്കും. ബാബ എന്തു ചെയ്യാനാണ്? എല്ലാവർക്കും ഒരുപോലെയാവാൻ സാധിക്കില്ല. ഇത് ഈശ്വരീയ കോളേജാണ്. ഇവിടെ പഠിപ്പിക്കുന്നത് ഈശ്വരനാണ്, പഠിപ്പിക്കുന്നത് ധാരണ ചെയ്തിട്ട് പിന്നീട് പഠിപ്പിക്കുവാനായി പഠിച്ചവർ ടീച്ചറാകുന്നു. ഓരോരുത്തരും നോക്കണം എന്റെ ബുദ്ധി സതോപ്രധാനമായോ? എനിക്ക്

ബാബ–മമ്മയെപ്പോലെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുമോ? എത്ര വിദ്യാർത്ഥികൾ റഗുലറായി വരുന്നുണ്ട് എന്ന വാർത്ത എല്ലാ സെന്ററുകളിൽ നിന്നും ബാബയ്ക്ക് ലഭിക്കണം. എപ്പോൾ മുതൽ പവിത്രമായിരിക്കുന്നുണ്ട്? ബാബയ്ക്ക് എല്ലാ കണക്കുകളും അറിയേണ്ടതായുണ്ട്. മാതാവും പിതാവും വലിയവരല്ലേ? ജഗദംബാ മാതാവ് പെൺകുട്ടിയാണ്. ഈ ബാബ (ബ്രഹ്മാവ്) ഈ ലോകത്തിലെയും അനുഭവിയാണ്. ഡ്രാമയിൽ മുഖ്യ ആക്ടേഴ്സിനെ ശ്രദ്ധിക്കുമല്ലോ? ബാബയും ഈ രഥത്തെ എടുത്തിരിക്കയാണ്. അപ്പോൾ തീർച്ചയായും എന്തെങ്കിലും കാര്യം കാണുമല്ലോ. ആദി ദേവനായ ബ്രഹ്മാവിനെത്ര പേരാണ്! ആദിദേവനെന്ന് ആരെയാണ് പറയുന്നതെന്ന് മനുഷ്യർക്കറിയില്ല. വാസ്തവത്തിൽ ആദിദേവനും ആദി ദേവി മാതാ–പിതാവാകുന്നതും ഇദ്ദേഹമാണ്. പിന്നീട് ഇദ്ദേഹത്തിന്റെ മുഖത്തിലൂടെ സരസ്വതി മാതാവ് വന്നു. അപ്പോൾ എല്ലാവരും കുട്ടികളാണ്. ഇദ്ദേഹവും പറയുന്നു – ഞാൻ ശിവബാബയുടെ കുട്ടിയാണ്. കൂടാതെ ബാബയുടെ പത്നിയുമാണ് കാരണം എന്നിൽ പ്രവേശിച്ച് എന്റെ മുഖത്തിലൂടെ കുട്ടികൾക്ക് ബാബ ജന്മം നല്കുന്നു. എത്ര ഗഹനമായ കാര്യങ്ങളാണ്! സതോപ്രധാന ബുദ്ധിയുള്ളവർ നല്ല രീതിയിൽ മനസ്സിലാക്കും. കുട്ടികൾ സംഖ്യാക്രമത്തിലാണ്. റോയൽ വംശത്തിലും പ്രജയിലും വ്യത്യാസമുണ്ടായിരിക്കുമല്ലോ. പ്രജയാകുന്നതും രാജാവാകുന്നതും തന്റേതായ പുരുഷാർത്ഥത്തിലൂടെയാണ്. ബാബ പറയുന്നു– നിങ്ങൾ നല്ലവണ്ണം പഠിച്ചാൽ ഉയർന്ന പദവി നേടും. അവകാശിയാകുന്നവർ അവിടെ റോയൽ കുടുംബത്തിനുള്ളിൽ വരും. ബാബ പറയുന്നു, പൂർണ്ണമായും പുരുഷാർത്ഥം ചെയ്യൂ. രാജ്യം നല്കുവാൻ വേണ്ടിയാണ് ഞാൻ വന്നിരിക്കുന്നത്. ഇങ്ങനെ പുരുഷാർത്ഥം ചെയ്യണം– ഞങ്ങൾ മാതാ പിതാവിൽ നിന്ന് സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവിയുടെ ആസ്തി നേടും. അല്ലെങ്കിൽ ക്ഷത്രിയനായിത്തീരും. വിദ്യാർത്ഥികൾക്കു സ്വയം അറിയുവാൻ സാധിക്കും. ആ സ്കൂളുകളിൽ ആരെങ്കിലും തോറ്റുപോയാൽ വീണ്ടും പഠിക്കേണ്ടി വരും. ഇവിടെയാണെങ്കിൽ പഠിക്കാൻ സാധിക്കില്ല. തോറ്റുപോയാൽ തോറ്റുതന്നെയിരിക്കും, അതുകൊണ്ടു പുരുഷാർത്ഥം പൂർണ്ണമായും ചെയ്യണം. വളരെപ്പേരെ തനിക്കു സമാനമാക്കണം, ഇതാണ് വളരെ ഉയർന്ന സേവ. ദുഃഖിതരായ മനുഷ്യരെ സദാ സുഖമുള്ളവരാക്കണം. നമ്മളുടെ ജോലി തന്നെ ഇതാണ്. ബാബ എപ്പോഴും പറയുന്നു, സിന്ധിൽ വളരെപ്പേർ വീടൊക്കെ ഉപേക്ഷിച്ചതുപോലെ ഞങ്ങൾക്കും ഉപേക്ഷിക്കേണ്ടി വരും എന്ന് കരുതരുത്. അങ്ങനെയൊന്നുമില്ല, അത് ഡ്രാമയിൽ എഴുതപ്പെട്ടിട്ടുള്ളതായിരുന്നു. ഓടിപ്പിക്കുന്ന കാര്യമൊന്നുമില്ല. ഭഗവാൻ മോശമായ കാര്യങ്ങൾ ചെയ്യില്ല. ഇതൊക്കെ അസത്യമായ കളങ്കമാണ്.

ആദ്യനമ്പറിൽ ഈ മമ്മയും ബാബയുമാണ് പദവി നേടുന്നതെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. നിങ്ങളും പിന്നെ ബാബ മമ്മയുടെ സിംഹാസനത്തെ ജയിക്കുന്നു. ആരാണ് ആദ്യനമ്പറിൽ ഉണ്ടായിരുന്നത് അവർ പിന്നീട് താഴേക്കിറങ്ങിക്കൊണ്ടിരിക്കും. കുട്ടികൾ വലുതായതിനുശേഷം സിംഹാസനത്തിലിരിക്കും അപ്പോൾ മമ്മ ബാബ സെക്കന്റ് നമ്പറിലേക്കു പോകും. ആദ്യമുണ്ടായിരുന്ന രാജാവും റാണിയും പിന്നീട് ചെറിയവരാകും. അപ്പോൾ പുരുഷാർത്ഥം ചെയ്ത് ബാബ മമ്മയുടെ സിംഹാസനത്തിന്റെ മേൽ ജയം നേടണം. ഇപ്പോളല്ല ജയിക്കേണ്ടത്, ഭവിഷ്യ സിംഹാസനത്തിന്റെ മേൽ ജയിക്കണം, മമ്മ ബാബ വന്ന് നിങ്ങളുടെ അവകാശികളാകണം. ബാബ കുട്ടികൾക്ക് എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. ഈ ജ്ഞാനം രസം (മെർക്കുറി) പോലെയാണ്. പെട്ടെന്ന് മുകളിലേക്ക് കയറുന്നു. ചിലർക്കാണെങ്കിൽ അല്പം കൂടെ ധാരണയില്ല. അത്ഭുതമല്ലേ !

ഇവിടെ നിരാകാരനായ ഭഗവാനാണ് പഠിപ്പിക്കുന്നത്, കൃഷ്ണനല്ല എന്നിപ്പോൾ നിങ്ങൾ കുട്ടികൾക്ക് നിശ്ചയമുണ്ട്, ഭഗവാന്റെ വാക്കുകളല്ലേ, ഭഗവാന് ശരീരം നല്കാൻ നിങ്ങൾക്ക് സാധിക്കില്ല. ശിവഭഗവാനുവാച കൃഷ്ണന്റെ ശരീരത്തിലൂടെ – ഇങ്ങനെ എഴുതിയിട്ടില്ല. ഇത് ഭഗവാന്റെ വാചകമാണ്. ബാബ പറയുന്നു– ആദ്യമാദ്യം ഇക്കാര്യം ഹൃദയത്തിൽ വരണം, ബാബയാണ് ഞങ്ങളെ പഠിപ്പിക്കുന്നത്. അച്ഛനെന്ന വാക്ക് വരുമ്പോൾ ആസ്തിയുടെ ഓർമ്മ വരണം. എത്രത്തോളം നാം പഠിക്കുന്നുവോ അത്രത്തോളം സ്വർഗ്ഗത്തിൽ ഉയർന്ന പദവി നേടും. ബാബയെ ഓർമ്മിക്കുന്നതിനനുസരിച്ച് വികർമ്മങ്ങളുടെ ഭാരം ഇല്ലാതാകും. ഓർമ്മിക്കുന്നതിലൂടെ ബുദ്ധി സ്വർണ്ണപാത്രമായിത്തീരും. ദാനം ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ ധാരണ ഉണ്ടായിക്കൊണ്ടിരിക്കും. ധനം നല്കിയാൽ ധനം കുറയുകയില്ല...... ബാബ നിങ്ങളുടെ മേൽ തൃപ്തനാകും. നിങ്ങൾ ബ്രാഹ്മണർ ഇപ്പോൾ അവിനാശി ജ്ഞാനരത്നങ്ങളുടെ ദാനം ചെയ്യുന്നു. അവർ ശാസ്ത്രങ്ങളൊക്കെ കേൾക്കുന്നു, അതിനെത്തന്നെയാണ് ജ്ഞാനമെന്ന് കരുതുന്നത്. ഇത് തന്നെയാണ് ലക്ഷങ്ങളുടെ സമ്പാദ്യമാണ് എന്നവർ കരുതുന്നു. എന്നാൽ കക്കയുടെ സമ്പാദ്യമാണ്. അതുകൊണ്ടാണ് ബാബ പറയുന്നത് ഞങ്ങളുടെ അച്ഛൻ ടീച്ചറാണ്, സത്ഗുരുവുമാണ് കൂടെ കൂട്ടിക്കൊണ്ടുപോകുന്നവനുമാണ് എന്ന് കുട്ടികളുടെ ഹൃദയത്തിലേക്കു വരണം. മുക്തി– ജീവൻമുക്തിയിലേക്കു കൊണ്ടുപോകും. ഇത് ജ്ഞാന അമൃതമാണ്. കുട്ടികൾ സ്കൂളിൽ പഠിക്കുമ്പോൾ ബ്രഹ്മചാരികളായിരിക്കുന്നു. അഥവാ

മോശമാകുകയാണെങ്കിൽ പഠിത്തവും തണുത്തുപോകുന്നു. ബുദ്ധി പൂർണ്ണമായും മലിനപ്പെടുന്നു. ഇതാണെങ്കിൽ പിന്നെ ആത്മീയ വിദ്യയാണ്, ബ്രഹ്മചര്യത്തിൽ ഇരിക്കാതെ ധാരണ ഉണ്ടാവില്ല. ബാബ പറയുന്നു, ഇപ്പോൾ പഠിക്കൂ, അല്ലെങ്കിൽ കല്പ കല്പങ്ങളിൽ സ്വർഗ്ഗത്തിന്റെ അധികാരിയാകാൻ സാധിക്കില്ല. തന്റെ പുരുഷാർത്ഥത്തിലൂടെയേ ആകാൻ സാധിക്കൂ. ബാബ ഇതിനായി ആശീർവദിക്കുകയാണെങ്കിൽ പിന്നെ എല്ലാവരും രാജാവായി തീരും. ബാബ പറയുന്നു, ഇത് പഠിത്തമാണ്. വിദ്യാസമ്പന്നരാണെങ്കിൽ വലിയ അധികാരിയാകും. അഥവാ ബുദ്ധി അലഞ്ഞുകൊണ്ടിരുന്നാൽ മോശമായിപ്പോകും. ഇത് വളരെ വലിയ കോളേജാണ്. പേരു തന്നെ ബ്രഹ്മാകുമാർ, കുമാരികളുടെ ഈശ്വരീയ വിശ്വവിദ്യാലയമെന്നാണ്. ഈശ്വരനാൽ സ്ഥാപിക്കപ്പെട്ടതാണ്. ഈശ്വരനെയാണ് അച്ഛനെന്ന് വിളിക്കുന്നത്. അപ്പോൾ ബാബ അച്ഛനാണ്, ടീച്ചർ സത്ഗുരുവാണ്. ഇത് നിങ്ങളല്ലാതെ മറ്റാരും മനസ്സിലാക്കില്ല. സത്ഗുരുവിന്റെ രൂപത്തിൽ എല്ലാവരേയും കൂട്ടിക്കൊണ്ടു പോകുന്നവനാണ്. അവിടെ ഗുരു ഒരാൾ മരിച്ചുപോയാൽ പിന്നെ അടുത്ത ശിഷ്യനെ ഇരിപ്പിടത്തിൽ ഇരുത്തുന്നു. അപ്പോൾ അനേകരെ ഓർമ്മിക്കുന്നതുപോലെയാണ്. ബാബയാണെങ്കിൽ ഗ്യാരണ്ടി തരുന്നു - ഞാൻ എല്ലാവരെയും തിരിച്ചു കൂട്ടിക്കൊണ്ടുപോകും. എങ്ങോട്ട് ? ഇതിനുവേണ്ടിയാണ് നിങ്ങളെല്ലാവരും ഭക്തി ചെയ്തുകൊണ്ടിരുന്നത്. മുക്തിധാമത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. പിന്നെ ആരു ശ്രീമത്തനുസരിച്ച് നടക്കുന്നുവോ അവർ വൈകുണ്ഠത്തിന്റെ അധികാരികളായിത്തീരും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. പഠിത്തത്തെ ധാരണ ചെയ്ത് മറ്റുള്ളവർക്ക് പഠിപ്പിച്ചുകൊടുക്കാൻ യോഗ്യതയുള്ളവരാകണം. മമ്മ-ബാബയ്ക്ക് സമാനം സേവനം ചെയ്യണം.

2. അവിനാശി ജ്ഞാനരത്നങ്ങളുടെ ദാനം ചെയ്ത് ദുഃഖിതരായ മനുഷ്യരെ സുഖികളാക്കണം. പഠിത്തം നല്ല രീതിയിൽ പഠിക്കണം.

## വരദാനം - സാധനയുടെയും സാധനത്തിന്റെയും ബാലൻസിലൂടെ സ്വന്തം ഉന്നതി ചെയ്യുന്ന ആശീർവാദത്തിന് അധികാരിയായി ഭവിക്കട്ടെ.

സാധനങ്ങളെ ആധാരമാക്കുന്നതിനു പകരം സ്വന്തം സാധനയുടെ ആധാരത്താൽ സാധനങ്ങളെ കാര്യത്തിലുപയോഗിക്കൂ. ഒരു സാധനത്തെയും ഉന്നതിക്ക് ആധാരമാക്കാതിരിക്കൂ, ഇല്ലെങ്കിൽ ആധാരം ഇളകുന്നതിനൊപ്പം ഉണർവുത്സാഹവും ഇളകിപ്പോകും. എന്തെന്നാൽ സാധനത്തെ ആധാരമാക്കുന്നതിലൂടെ ബാബ ഇടയിൽ നിന്നും പോകുന്നു അതിനാൽ ചഞ്ചലത ഉണ്ടാകുന്നു. സാധനങ്ങൾക്കൊപ്പം സാധനയുണ്ടെങ്കിൽ ഓരോ കാര്യത്തിലും ബാബയുടെ ആശീർവാദത്തിന്റെ അനുഭവം ചെയ്യും. ഉണർവുത്സാഹവും കുറയുകയില്ല.

## സ്ലോഗൻ- എന്നാലും എങ്കിലും എന്നതിന്റെ കറക്കത്തിൽ നിന്നു വേറിടണമെങ്കിൽ ബാപ്സമാനം ശക്തിശാലിയാകൂ